**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3390** **26-06-2024 - ൽ മറുപടിയ്ക്ക്**

**പഠനത്തോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പഠനത്തോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലി നൽകുക എന്ന ലക്ഷ്യത്തോടുകൂടി തൊഴിൽ വകുപ്പ് കർമ്മചാരി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിലിന്റെ മൂല്യവും മഹത്വവും വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ - പൊതുവിദ്യാഭ്യാസ - ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് കർമ്മചാരി പദ്ധതി. ടി പദ്ധതിയിൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെയാണ് തൊഴിൽ ദാതാവായി ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | സ്വകാര്യ മേഖലയെ ഈ പദ്ധതിയിൽ പങ്കാളിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കർമ്മചാരി പദ്ധതിയിൽ സ്വകാര്യ മേഖലയെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ സ്റ്റാർ ഹോട്ടൽ, സൂപ്പർ മാർക്കറ്റുകൾ, മാളുകൾ, ഫുഡ് ഔട്ട് ലെറ്റുകൾ, ടെക്സ്റ്റൈൽസ്, റിസോർട്ടുകൾ തുടങ്ങിയ ആറ് മേഖലകളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോഗ്രാം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (സി) | കർമ്മചാരി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് pilot project എന്ന നിലയിൽ എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച് ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 15-5-2023 ന് എറണാകുളത്ത് നിർവ്വഹിച്ചു. മറ്റു ജില്ലകളിൽ കർമ്മചാരി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ